**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1659** **04-02-2026 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിൽ കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന വെല്ലുവിളികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ, ശ്രീ. മുരളി പെരുനെല്ലി, ശ്രീ . കെ .ഡി .പ്രസേനൻ , ശ്രീമതി യു പ്രതിഭ** | | **ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കാർഷിക മേഖലയിൽ കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന വെല്ലുവിളികൾ ചെറുക്കുന്നതിനായി പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>കാലാവസ്ഥാ വ്യതിയാനം കാർഷികമേഖലയിൽ സൃഷ്ടിക്കുന്ന വെല്ലുവിളികൾ ശാസ്ത്രീയ മാർഗങ്ങളിലൂടെ നേരിടുന്നതിനും കാർഷിക സമ്പദ് വ്യവസ്ഥയുടെ വിവിധ മേഖലകൾക്കിടയിൽ തടസ്സമില്ലാത്ത പരിവർത്തനം ഉറപ്പാക്കുന്നതിനും, കാർഷിക മേഖലയിലെ മൂല്യശൃംഖല നവീകരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ ലോകബാങ്കിന്റെ സഹായത്തോട് കൂടി KERA പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി കാലാവസ്ഥാനുപൂരകമായ കൃഷിരീതികൾ അനുവർത്തിക്കുന്നതിലൂടെ എത്രത്തോളം കർഷകർക്ക് ഏതെല്ലാം തരത്തിൽ പ്രയോജനം ലഭിക്കുന്നുണ്ട്; വിശദമാക്കാമോ; | (ബി) | കാലാവസ്ഥാനുപൂരക കൃഷിരീതികൾ നടപ്പിലാക്കുന്നതിലൂടെ കർഷകർക്ക് കാലാവസ്ഥാ പ്രതിരോധ സേവനങ്ങൾ, ശാസ്ത്രീയ ഉപദേശങ്ങൾ, പരിശീലനം, ജല ഉപയോഗ ക്ഷമത വർധന, ഉത്പാദന ചെലവ് കുറവ്, മൂല്യവർധനവും വിപണി സാധ്യതകളും ശക്തമാക്കൽ, റബർ, കാപ്പി, ഏലം തുടങ്ങിയ വിളകളിൽ പുനർനടീൽ ധനസഹായവും സാങ്കേതിക പിന്തുണയും അഗ്രി ബിസിനസ്, മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് (MSME) സ്റ്റാർട്ടപ്പുകൾ മുഖേന അധികവരുമാന സാധ്യത എന്നിവ ലഭിക്കുന്നു. |
| (സി) | കാർബൺ ബഹിർഗമനം കുറച്ച് കൊണ്ട് നെല്ലിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. മെച്ചപ്പെട്ട ജല ഉപയോഗക്ഷമതയ്ക്കും, കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുമായി ലോ കാർബൺ നെൽകൃഷി സമ്പ്രദായം പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ 20000 ഹെക്ടർ പ്രദേശത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇന്റർനാഷണൽ റൈസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.ആർ.ആർ.ഐ)-ന്റെ വൈദഗ്ധ്യം ഉപയോഗിച്ച് കേരള കാർഷിക സർവകലാശാല, CWRDM തുടങ്ങിയ ഗവേഷണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളുടെ സഹായത്തോട് കൂടി ഈ ജില്ലകളിലെ നെൽപ്പാടങ്ങളിൽ ലോ കാർബൺ നെൽകൃഷി സ്വീകരിക്കുന്നതിന് പിന്തുണ നല്കുന്നു. ഇതിലൂടെ കർഷകർക്കായി പേയ്മെൻറ് ഫോർ ഇക്കോ സിസ്റ്റം (പി.ഇ.എസ്) സമ്പ്രദായത്തിന് തുടക്കം കുറിക്കുകയും ചെയ്യും.<br><br>ഇന്റർനാഷണൽ റൈസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (IRRI) സഹകരണത്തോടെ 'ആൾട്ടർനേറ്റ് വെറ്റിങ് ആൻഡ് ഡ്രൈയിങ്' (AWD) പോലുള്ള നൂതന കൃഷിരീതികൾ ഇവിടെ നടപ്പിലാക്കും. ഇത് 30% വരെ ജലം ലാഭിക്കാൻ സഹായിക്കുന്നു. ശാസ്ത്രീയ ജലസേചനത്തിലൂടെ മീഥേൻ പുറന്തള്ളൽ കുറച്ച് കാർബൺ ക്രെഡിറ്റ് നേടാനും, അതുവഴി കർഷകർക്ക് അധിക വരുമാനം ഉറപ്പാക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ജലസേചന കാര്യക്ഷമത വർദ്ധിക്കുന്നതോടെ ഉൽപ്പാദനം കൂടുകയും, കർഷകർക്ക് പ്രതിവർഷം ഏകദേശം 73.6 കോടി രൂപയുടെ അധിക സാമ്പത്തിക നേട്ടം ഉണ്ടാകുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ